(ബി) ഇതിന്റെ ആനുകൂല്യം എത്ര സീനിയർ സിറ്റിസൺസിന് ലഭിക്കുന്നുണ്ട് ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സീനിയർ സിറ്റിസൺസിന് നൽകി വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40436 പേർക്ക് ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി വീതം സൗജന്യമായി നൽകി വരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

39 (4078) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില ഗണ്യമായ തോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ വിലയിൽ ലോറിസമരം പോലുള്ള ചില സാഹചര്യങ്ങളിൽ നേരിയ ഏറ്റക്കുറച്ചിലുണ്ടാകുന്നതൊഴിച്ചാൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിപണിയിലെ വിലക്കയറ്റം ഫലപ്രദമായി തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 830 മാവേലി സ്റ്റോറുകൾ, 88 സപ്ലൈകോ ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവ വഴി സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് സാധനങ്ങൾ വിറ്റു വരുന്നുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവ വേളകളിൽ സംസ്ഥാനത്തൊട്ടാകെ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കുകയും ലോറിസമരം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ വാങ്ങി ന്യായവിലയ്ക്ക് വിൽപ്പന നടത്തുകയും ചെയ്യാറുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവിവരം

40 (4079) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ ഓരോന്നിന്റെയും വില എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഓരോന്നിന്റെയും ഇപ്പോഴത്തെ വില വെളിപ്പെടുത്താമോ ;

(സി) പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചക വാതകം തുടങ്ങിയവയുടെ വില എന്തായിരുന്നുവെന്നും ഇപ്പോഴത്തെ വില എത്രയാണെന്നും വിശദമാക്കുമോ ;

(ഡി) പ്രധാന പച്ചക്കറികൾ ഓരോന്നിന്റെയും വില എന്തായിരുന്നു എന്നും ഇപ്പോഴത്തെ വില എത്രയാണെന്നും അറിയിക്കാമോ ;

(ഇ) ജീവൻ രക്ഷാ ഔഷധങ്ങൾ ഓരോന്നിന്റെയും വില എന്തായിരുന്നു എന്നും ഇപ്പോഴത്തെ വില എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിത്യോപയോഗ സാധനങ്ങളുടെ 2001 മെയ്-ലെയും ഇപ്പോഴത്തെയും ചില്ലറ വില്പന വില അനുബന്ധം 'എ' ആയി ചേർക്കുന്നു.†

(സി) ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' ആയി ചേർക്കുന്നു.†

(ഡി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു.†

(ഇ) മാവേലി മെഡിക്കൽ സ്റ്റോർ വഴി വിതരണം ചെയ്യുന്ന ജീവൻ രക്ഷാ ഔഷധങ്ങളുടെ ഇതുസംബന്ധിച്ച വില വിവരം അനുബന്ധം 'ഡി' ആയി ചേർത്തിരിക്കുന്നു.†

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കുള്ള റേഷൻ വിതരണം

41 (4080) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ ഇത്തരം കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നു ;

(സി) സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം VI എ,ബി,സി,ഡി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI എ

[24-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 40 (4079)-ന്റെ ഉത്തരം ദയവായി കാണുക]

പലവ്യഞ്ജനങ്ങളുടെ വിലനിലവാരം (കി.ഗ്രാമിന്)

ഇനം	ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള വില (രൂ) 2001 മെയ് 3	ഇപ്പോഴത്തെ വില (രൂ) 2003 ജൂലായ് 16
1. അരി	13.00	15.00
2. പഞ്ചസാര	16.50	15.00
3. ചെറുപയർ	32.00	31.00
4. ഉരുളക്കിഴങ്ങ്	9.00	12.00
5. ഉള്ളി	12.50	15.00
6. സവാള	8.00	10.00
7. വൻപയർ	18.00	24.00
8. മുളക്	45.00	53.00
9. മല്ലി	31.00	41.00
10. കടുക്	21.00	26.00
11. ജീരകം	118.00	97.00
12. ഉലുവ	20.00	23.00
13. ഉഴുന്നുപരിപ്പ്	26.00	23.00
14. പീസ്പരിപ്പ്	21.00	24.00
15. വെളിച്ചെണ്ണ	32.00	59.00

അനുബന്ധം VI ബി

[24-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 40 (4079)-ന്റെ ഉത്തരം ദയവായി കാണുക]

	സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില	ഇപ്പോഴത്തെ വില (രൂ)
പെട്രോൾ	30.93 മുതൽ 31.14 രൂപ വരെ	32.61.മുതൽ 32.88 വരെ
ഡീസൽ	18.77 മുതൽ 19 രൂപ വരെ	21.06 മുതൽ 21.31 വരെ
മണ്ണെണ്ണ	13 രൂപ	19 രൂപ
പാചക വാതകം	238.26 മുതൽ 240.50 വരെ	252.58 മുതൽ 257.75 വരെ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം സി

പച്ചക്കറിയുടെ വിലനിലവാരം

(കിലോഗ്രാമിന്)

ക്രമ. നമ്പർ	ഇനം	ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള വില (രൂ)	ഇപ്പോഴത്തെ വില (രൂ)
1	വെള്ളരിക്ക	8.00	11.00
2	ചേന	10.00	15.00
3	മത്തൻ	7.00	10.00
4	വെണ്ടയ്ക്ക	13.00	13.00
5	വഴുതനങ്ങ	9.00	13.50
6	നേന്ത്രക്കായ്	11.00	12.00
7	ചേമ്പ്	16.00	14.00
8	ക്യാബേജ്	10.00	14.00
9	ബീൻസ്	14.00	21.00
10	ക്യാരറ്റ്	16.50	17.00
11	പച്ചമുളക്(വലുത്)	22.50	25.00
12	പച്ചമുളക്	10.00	16.00
13	അമര	9.00	10.00
14	പടവലങ്ങ	10.00	11.00
15	പാവയ്ക്ക	15.00	20.00

അനുബന്ധം ഡി

LIFE SAVING MEDICINE

Items	5/2001	5/2003
CIDLOX - 500 (10 TAB)	78.90	84.00
AMLOPRESS-10	32.50	32.50
STEMLO-2.5	13.59	16.20
STEMLO-5	24.75	24.75
ATEN - 50 (14 TAB)	19.75	25.75
LOSAR - 25	23.64	23.00
AMBDAC	25.00	——
KARANDIL - 5 (20 TAB)	139.00	144.00
NIKORAN - 5 "	139.05	139.05
SORBITRATE - 10 (50 TAB)	16.05	25.00
CORBIS - 5 (10 TAB)	14.90	16.25
FINAST (10 TAB)	86.05	95.40
CONCOR - 5 (10 TAB)	40.00	40.00
SYNDOPACR "	58.21	52.72

LIBRARY ARCHIVES Kerala Legislative Assembly